# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്റ്റിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 1340/11/12/2022/ TVM**

പരാതികക്ഷി : സിൽവാദാസ്,ചെമ്പകരാമൻ തുറ
പുല്ലുവിള, നെയ്യാറ്റിൻകര,തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 27.01.2024**

പരാതികക്ഷിയുടെ കൈവശവകാശത്തിൽ ഉൾപ്പെട്ട 19/55,19/56,19/54 സർവ്വേ നമ്പറുകളിലെ ഭ അളന്ന് തിരിച്ച് തരുന്നതിനായി നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ അപേക്ഷ നൽകിയിട്ട് നടപ ഉണ്ടാകുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ നെയ്യാറ്റിൻകര ഭൂരേഖാ തഹസീൽദാർ ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. കരുംകുളം വില്ലേജിൽ ബ്ലോക്ക് 18 ൽ ഉൾപ്പെട്ട റീസർവ്വേ നമ്പർ 19/55, 56,41 എന്നിവയിൽ ഉൾപ്പെട്ട് വരുന്ന സ്ഥലം അതിർത്തി സ്ഥാപിച്ച് സബ് ഡിവിഷൻ ചെയ്തു നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നതായും, ബഹു: ഹൈക്കോടതിയുടെ WP© No.28234/19,27032/22എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം മൂന്ന് മാസത്തിനുള്ളിൽ അപേക്ഷ സ്ഥലം അളന്ന് സബ് ഡിവിഷൻ ചെയ്തു നൽകുവാൻ ഉത്തരവ് ആയിട്ടുണ്ടെന്നും, ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തിയതിൽ നെയ്യാറ്റിൻകര മുൻസിഫ് കോടതിയുടെ മുമ്പാകെ സ്ഥലത്തിന്റെ അതിർത്തി തർക്കം സംബന്ധിച്ച് ഒ.എസ്.946/18 നമ്പർ കേസ് നിലവിലുണ്ടെങ്കിലും സർവ്വേ നടപടികൾ സ്ഥിരിക്കുവാൻ തടസ്സമില്ലെന്നും, എന്നാൽ അതിർത്തി കല്ലുകൾ കേസ് തീർപ്പാകുന്ന മുറയ്ക്ക് മാത്രമെ സ്ഥാപിക്കാവൂ എന്ന് ഗവൺമെന്റ് പ്ലീഡർ നിയമോപദേശം നൽകിയിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു.

പരാതിയും റിപ്പോർട്ടും ആക്ഷേപങ്ങളും കമ്മീഷൻ വിശദമായി പരിശോധിച്ചതിൽ നിന്നും പരാതിക സമാനമായ കാര്യത്തിനായി ബഹു: ഹൈക്കോടതിയെ സമീപിക്കുകയും ഉത്തരവുകൾ സമ്പാദിക്കുകയും ചെയ്തിട്ടു തായി കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ മനുഷ്യാവകാശ കമ്മീഷന് തുടർനടപടികൾ സ്വീകരിക്കുവ സാധിക്കുകയില്ല. കോടതി ഉത്തരവ് പാലിക്കപ്പെടുന്നില്ലായെങ്കിൽ കോടതിയെ തന്നെ സമീപിച്ച് നിവൃത്ത നേടാവുന്നതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ആക്റ്റിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

Amithesv.
//ശരിപ്പകർപ്പ്// രജിസ്ട്രാർ